70 (626) സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ

ശ്രീ. കെ.സി. ജോസഫ് :
ശ്രീ. വി.ജെ. പൗലോസ് :
ശ്രീ. കെ.പി. വിശ്വനാഥൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. ജോർജ് ജെ. മാത്യു : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 1997-98 വർഷത്തിൽ ലാഭമുണ്ടാക്കിയിട്ടുണ്ടോ: എങ്കിൽ എത്ര ലക്ഷം രൂപ ലാഭമുണ്ടാക്കി എന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനത്തിന്റെ 1997-98 വർഷത്തെ കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ടോ:

(സി) ഏതുവർഷം വരെയുള്ള കണക്കുകൾ ആഡിറ്റ് ചെയ്തിട്ടുണ്ട്;

(ഡി) ഈ സ്ഥാപനം ലാഭമുണ്ടാക്കുന്നത് ഏതെല്ലാം ബിസിനസ്സിലൂടെയാണെന്ന് വിശദമാക്കുമോ;

(ഇ) 1996-97, 1997-98, 1998-99 വർഷങ്ങളിൽ സംസ്ഥാന ഗവൺമെന്റിൽനിന്നും കേന്ദ്ര ഗവണ്മെന്റിൽനിന്നും ഈ സ്ഥാപനത്തിന് ലഭിച്ച ധനസഹായം എത്ര വീതമാണെന്ന് വ്യക്തമാക്കുമോ;

(എഫ്)ഈ സ്ഥാപനത്തിന്റെ മിച്ചം തുക നിക്ഷേപിച്ചിട്ടുള്ളത് ഏത് ബാങ്കിലാണെന്നും എന്ത് ബാക്കിയുണ്ടായിരുന്നു എന്നും വെളിപ്പെടുത്തുമോ:

(ജി) ട്രഷറി അക്കൗണ്ടിൽ ഇപ്പോൾ എത്ര രൂപ നിക്ഷേപിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ 1997-98 വർഷത്തിൽ 14.56 ലക്ഷം രൂപ ലാഭമുണ്ടാക്കിയിട്ടുണ്ട്. 1997-98 ലെ ഇന്റേണൽ ഓഡിറ്റ് റിപ്പോർട്ട് പ്രകാരം കോർപ്പറേഷന് 1.97 ലക്ഷം രൂപയുടെ നഷ്ടം കണക്കാക്കിയിരുന്നു. പ്രസ്തുത സാമ്പത്തിക വർഷത്തിലുണ്ടായ ലാഭം മുൻ വർഷങ്ങളിലെ ബാദ്ധ്യത നികത്തുന്നതിനായി വിനിയോഗിക്കേണ്ടി വന്നതിനാലാണ് വിശകലനത്തിൽ നഷ്ടം കാണിക്കുന്നത്. തൽസംബന്ധമായ കണക്കുകൾ ചുവടെ കൊടുക്കുന്നു.

1996-97 ൽ വാങ്ങിയ 21.41 ലക്ഷം രൂപ വിലയുള്ള ചെറുപയർ കാലപ്പഴക്കംമൂലം കേടുവന്ന് 6.43 ലക്ഷം രൂപയ്ക്ക് 1997-98 സാമ്പത്തിക വർഷത്തിൽ വിൽക്കേണ്ടി വന്നു. ഈ ഇനത്തിൽ വന്ന വ്യത്യാസം 14.98 ലക്ഷം രൂപയാണ്. അതുകൂടാതെ 1995-96 വർഷത്തിൽ ബേക്കറി യൂണിറ്റ് നിർത്തൽ ചെയ്തതിനെ തുടർന്ന് ബേക്കറി പ്രവർത്തിച്ചിരുന്ന കെട്ടിടത്തിന്റെ വാടക കുടിശ്ശികയിനത്തിൽ 1997-98 സാമ്പത്തിക വർഷത്തിൽ കൊടുക്കേണ്ടി വന്നത് 1.55 ലക്ഷം രൂപയാണ്. ഇങ്ങനെ മൊത്തം 16.55 ലക്ഷം രൂപ മുൻവർഷങ്ങളിലെ ബാദ്ധ്യതകൾക്കുവേണ്ടി 1997-98 വർഷത്തിൽ ചെലവാക്കേണ്ടിവന്നു. ഇതാണ് നഷ്ടത്തിനു കാരണം. യഥാർത്ഥത്തിൽ പ്രസ്തുത വർഷം എല്ലാ ചെലവുകളും കഴിച്ച് 14.56 ലക്ഷം രൂപയുടെ ലാഭമുണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) ഈ സ്ഥാപനത്തിന്റെ 1997-98 വർഷത്തിലെ കണക്കുകളുടെ ഇന്റേണൽ ആഡിറ്റ് പൂർത്തിയാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കോർപ്പറേഷന്റെ ഇന്റേണൽ ആഡിറ്റ് 1998-99 വർഷത്തിലേക്ക് നടന്നുവരുന്നു. രണ്ടുമാസത്തിനകം പൂർത്തിയാകും എന്നാൽ സ്റ്റാറ്റ്യൂട്ടറി ആഡിറ്റിംഗ് 1988-89 മുതൽ കുടിശ്ശികയിലാണ്. 1988-89 വർഷത്തെ കണക്കുകൾ പൂർത്തിയാക്കി പരിശോധനയ്ക്ക് അക്കൗണ്ടന്റ് ജനറലിന് അയയ്ക്കാവുന്ന സ്ഥിതിയിലാണ്. 1989-90 മുതൽ 1991-92 വരെയുള്ള മൂന്നു വർഷങ്ങളിലെ സ്റ്റാറ്റ്യൂട്ടറി ഓഡിറ്റിംഗ് ആറുമാസത്തിനകം തീർക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ഡി) 1997-98 സാമ്പത്തിക വർഷംവരെ അംഗൻവാടികൾക്ക് ആവശ്യമായ അരിയും പെരുപയറും വാങ്ങി വിതരണം ചെയ്യുന്നതിലൂടെയും കോർപ്പറേഷന്റെ കീഴിൽ പ്രവർത്തിച്ചു വരുന്ന വാണിജ്യസംരംഭങ്ങളായ ഡിപ്പാർട്ടുമെന്റ് സ്റ്റോർ, ഹോട്ടൽ കോപ്പിയർ യൂണിറ്റ്, കവർ നിർമ്മാണ യൂണിറ്റ് എസ്. റ്റി.ഡി. ബൂത്ത് എന്നിവയിലൂടെയുമാണ്.

(ഇ) 1996-97 വർഷം വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി, ഷെയർ ക്യാപ്പിറ്റൽ, ലോങ്ങ് എന്നീ ഇനത്തിൽ 20 ലക്ഷം രൂപയും 1997-98 ൽ 10 ലക്ഷം രൂപയും 1998-99-ൽ 40 ലക്ഷം രൂപയും സംസ്ഥാന ഗവൺമെന്റിൽ നിന്നും ലഭിച്ചിട്ടുണ്ട്. 1998 മാർച്ച് അവസാനത്തിൽ വികലാംഗ ക്ഷേമ പ്രവർത്തനങ്ങൾക്കായി 178 ലക്ഷം രൂപ ഗ്രാന്റായും സംസ്ഥാന ഗവൺമെന്റിൽനിന്ന് ലഭിച്ചിട്ടുണ്ട്. കൂടാതെ 1997-98ൽ കേന്ദ്ര ഗവൺമെന്റിൽ നിന്നും വികലാംഗർക്ക് ആവശ്യമായ സഹായ ഉപകരണങ്ങൾ വിതരണം ചെയ്യുന്നതിനായി ഗ്രാന്റ് ഇനത്തിൽ 6 ലക്ഷം രൂപയും ലഭിച്ചിട്ടുണ്ട്.

(എഫ്) ഈ സ്ഥാപനത്തിന്റെ മിച്ചം തുക നിക്ഷേപിച്ചിട്ടുള്ളത് ട്രഷറി സേവിംഗ്സ് ബാങ്കിലാണ്. 31.3.99-ൽ 125 ലക്ഷം രൂപ മിച്ചമുണ്ടായിരുന്നു.

(ജി) മുകളിൽ പറഞ്ഞ 175 ലക്ഷത്തിനു പുറമേ കോടതിയുടെ തീരുമാനത്തിനു വിധേയമായി പെരുപയർ വാങ്ങിയ വകയിൽ കൊടുത്തു തീർക്കേണ്ട ആവശ്യത്തിലേക്കായി 90 ലക്ഷം രൂപ ട്രഷറി സേവിംഗ്സ് ബാങ്കിലുണ്ട്. കൂടാതെ ഗവൺമെന്റിൽനിന്നും ലഭിച്ച ഗ്രാന്റിൽ ഈ സാമ്പത്തിക വർഷം വികലാംഗ ക്ഷേമത്തിനായി ചെലവഴിക്കുന്നതിന് 41.24 ലക്ഷം രൂപ ടി. പി എ. അക്കൗണ്ടിലുണ്ട്.

71 (627) സംസ്ഥാന വനിതാ കമ്മീഷന് അനുവദിച്ച തുക

ശ്രീമതി രാധാ രാഘവൻ : താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വനിതാ കമ്മീഷൻ രൂപീകരിച്ചതെന്നാണ്;

(ബി) അന്നുമുതൽ ഓരോ വർഷവും ഈ കമ്മീഷന്റെ ചെലവിനു വേണ്ടി എന്തു തുക അനുവദിച്ചു എന്ന് അറിയിക്കുമോ;

(സി) ഈ കമ്മീഷന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിനായി കൂടുതൽ തുക നൽകണമെന്ന് കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ ആവശ്യാനുസരണം ഫണ്ട് അനുവദിക്കാതിരിക്കാൻ കാരണമെന്ത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 1990-ലെ കേരള വനിതാ കമ്മീഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച വനിതാ കമ്മീഷൻ 14.3.96-ൽ നിലവിൽ വന്നു.

LIBRARY ARCHIVES Kerala Legislative Assembly